# 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1721** **11-10-2024 - ൽ മറുപടിയ്ക്ക്**

## സി ആപ്റ്റ് വക താത്കാലിക കോഴ്സുകൾ ആരംഭിക്കുന്നതിന്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സെൻറർ ഫോർ അഡ്വാൻസ്ഡ് പ്രിൻറിംഗ് ആൻഡ് ടെക്നോളജി (സി ആപ്റ്റ്) യുടെ അധീനതയിൽ സ്വന്തമായി 50 സെൻറ് ഭൂമിയുള്ള പുനലൂർ നിയോജകമണ്ഡലത്തിലെ അഞ്ചലിൽ ,സി ആപ്റ്റ് ന്റെ ആഭിമുഖ്യത്തിൽ ഒരു വർഷക്കാലം ദൈർഘ്യമുള്ള കെ.ജി.ടി.ഇ , പ്രീ പ്രസ് ഓപ്പറേഷൻ വർക്ക് , പോസ്റ്റ് പ്രസ് ഓപ്പറേഷൻ ആൻഡ് ഫിനിഷിംഗ് എന്നിങ്ങനെയുള്ള കോഴ്സുകളും ആരംഭിക്കുന്നതിന് നല്കിയിട്ടുള്ള നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ അറിയിക്കുമോ;വിശദമാക്കാമോ; | (എ) | അഞ്ചലിൽ സി-ആപ്റ്റിന്റെ ഉപകേന്ദ്രം തുടങ്ങണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് ബഹു. പുനലൂർ എം.എൽ.എ സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം സി-ആപ്റ്റിന്റെ 41-ാമത് ഗവേണിംഗ് ബോഡി യോഗം പരിഗണിക്കുകയും അഞ്ചലിൽ സി-ആപ്റ്റിന്റെ ഉപകേന്ദ്രം ആരംഭിക്കാൻ തീരുമാനിക്കുകയും ചെയ്തു. സി-ആപ്റ്റിന്റെ അധീനതയിലുള്ള അഞ്ചലിലുള്ള ഭൂമിയിൽ നിലവിൽ കെട്ടിടങ്ങളൊന്നും തന്നെ ഇല്ല. 2023-24-ലേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റിൽ കെട്ടിടം പണിയുവാൻ തുക അനുവദിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പരിഗണിക്കുന്നതാണ്. |
| (ബി) | ആവശ്യമായ അനുവാദം ലഭിക്കുന്നപക്ഷം താൽക്കാലിക സൗകര്യം ഏർപ്പെടുത്തേണ്ട സാഹചര്യമുണ്ടായാൽ സ്ഥിരം സംവിധാനം ഉണ്ടാകുന്നതു വരെ പഞ്ചായത്ത് ആസ്ഥാനത്ത് തന്നെ ആവശ്യത്തിന് വിസ്തൃതിയിലുള്ള കെട്ടിടം കണ്ടെത്താവുന്നതും, ആയതിന്റെ ചെലവ് വഹിക്കാൻ പഞ്ചായത്ത് തലത്തിൽ ധാരണ ഉണ്ടാക്കിയിട്ടുള്ളതുമായ സാഹചര്യത്തിൽ ഈ മേഖലയിലെ സാധാരണക്കാരായ വിദ്യാർത്ഥികളുടെ തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് ഇവിടെ പ്രസ്തുത കോഴ്സ് താത്കാലികമായി അനുവദിക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കാമോ? | (ബി) | സി-ആപ്റ്റിന്റെ ഉപകേന്ദ്രം ഒരുസ്ഥിര സംവിധാനം ഉണ്ടാകുന്നതുവരെ അഞ്ചൽ പഞ്ചായത്ത് ആസ്ഥാനത്ത്, താൽക്കാലികമായി തുടങ്ങുന്നതിന് അനുയോജ്യമായ കെട്ടിടം കണ്ടെത്തിയിട്ടുണ്ട്.<br><br>ആയതിന്റെ ചെലവ് വഹിക്കുവാൻ പഞ്ചായത്ത് തലത്തിൽ ധാരണയാകുന്ന പക്ഷം സി-ആപ്റ്റിന്റെ എക്സിക്യൂട്ടിവ് കമ്മറ്റി/ഗവേർണിങ് ബോഡി, സാങ്കേതിക വിദ്യാഭ്യാസവകുപ്പ്, സാങ്കേതിക പരീക്ഷ കമ്മീഷണറേറ്റ് എന്നിവയുടെ അംഗീകാരത്തിന് വിധേയമായി പ്രസ്തുത കോഴ്സുകൾ തുടങ്ങുന്നതിനുള്ള നടപടികൾ കൈക്കൊള്ളുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ